**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1083.** **01.03.2017 ന് മറുപടിയ്ക്ക്**

## COTPA ആക്റ്റ് പ്രകാരം കേസ് രജിസ്റ്റർ ചെയ്യുന്നത്

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| **ശ്രീ.ഹൈബി ഈഡൻ :** | | | **ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) | എക്സൈസ് വകുപ്പിന് COTPA ആക്റ്റ് പ്രകാരം കേസ് രജിസ്റ്റർ ചെയ്യുന്നതിന് അധികാരം നൽകി വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് എക്സൈസ് കമ്മീഷണർ ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എ) ഉം (ബി) ഉം | Cigarettes & Other Tobacco Products (Prohibition of Advertisement and Regulation of Trade and Commerce, Production, Supply and Distribution) Act-ലെ 12 ഉം 13 ഉം സെക്ഷനുകൾക്ക് പുറമെ ടി ആക്റ്റിലെ 4, 6, 28 എന്നീ സെക്ഷനുകൾ പ്രകാരം എക്സൈസ് ഇൻസ്പെക്ടറെയോ അതിനു മുകളിലുള്ള ഉദ്യോഗസ്ഥരെയോ കേസുകൾ എടുക്കുന്നതിന് ചുമതലപ്പെടുത്തുന്നതിനുള്ള ശുപാർശ 11.07.2016 ലെ XA1-22206/2016 കത്ത് പ്രകാരം എക്സൈസ് കമ്മീഷണർ സമർപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 27.12.16 ലെ GO(P)No.112/2016/TD (SRO:No: 788/16) ഉത്തരവ് പ്രകാരം നിയമഭേദഗതി വരുത്തി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കത്തിന്റെയും ഗസറ്റ് വിജ്ഞാപനത്തിന്റെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ആക്റ്റ് പ്രകാരം എക്സൈസ് വകുപ്പിന് കേസ് രജിസ്റ്റർ ചെയ്യുവാനുള്ള അധികാരം നൽകി കൊണ്ടുള്ള വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**

അനുബന്ധം: I

ഭരണഭാഷ മാതൃഭാഷ

**അടിയന്തിരം**

XA1/22206/2016

എക്സൈസ് കമ്മീഷണറേറ്റ്
തിരുവനന്തപുരം
തീയതി: 11.07.2016

പ്രേഷകൻ

എക്സൈസ് കമ്മീഷണർ,
തിരുവനന്തപുരം.

ഗ്രാഹകൻ

അഡീഷണൽ ചീഫ് സെക്രട്ടറി,
നികുതി വകുപ്പ്,
തിരുവനന്തപുരം.

സർ,

വിഷയം:-എക്സൈസ് - COTPA-2003 പ്രകാരം എക്സൈസ് ഉദ്യോഗസ്ഥർക്ക് നടപടി എടുക്കുന്നത്-ഭേദഗതി - സംബന്ധിച്ച്.

സൂചന:- 20.08.2014 ലെ GO(P)No.155/2014/TD dated: 20.08.2014 നമ്പർ ഉത്തരവ്.

സൂചനയിലേയ്ക്ക് സവിനയം ശ്രദ്ധ ക്ഷണിക്കുന്നു.

2003-ലെ Cigarettes & Other Tobacco Products (Prohibition of Advertisement and Regulation of Tried and Commerce, Production, Supply and Distribution) Act- ന്റെ വിവക്ഷയിൽപ്പെടുന്ന എല്ലാ ലംഘനങ്ങൾക്കെതിരെയും നടപടിയെടുക്കുവാൻ എക്സൈസ് ഇൻസ്പെക്ടറെയോ അതിന് മുകളിൽ പദവിയിലുള്ള ഉദ്യോഗസ്ഥരെയും അധികാരപ്പെടുത്തുന്ന തരത്തിലുള്ള ഒരു വിജ്ഞാപനമാണ് സൂചന പ്രകാരം സർക്കാർ പുറപ്പെടുവിച്ചിത്. ഏത് സ്ഥലത്ത് പ്രവേശിച്ചും ടി ആക്റ്റിൽ പരാമർശിക്കുന്ന ലഹരി വസ്തുക്കൾ പിടിച്ചെടുക്കുന്നതിനുള്ള അധികാരം സംബന്ധിച്ചാണ് ടി ആക്റ്റിലെ 12 ഉം & 13 ഉം പരാമർശിക്കുന്നത്. ടി ആക്റ്റിലെ 25 (1) വകുപ്പ് പ്രാകാരമുള്ള അധികാരം ഉപയോഗിച്ചാണ് 12& 13 വകുപ്പുകൾ പ്രകാരം സൂചന നോട്ടിഫിക്കേഷൻ മുഖേന എക്സൈസ് ഉദ്യോഗസ്ഥർക്ക് അധികാരം നൽകിയിരിക്കുന്നത് എന്ന് കാണുന്നു.

എന്നാൽ ടി ആക്റ്റിലെ 25 (1) -ാം വകുപ്പ്, ടി ആക്റ്റിലെ 4ഉം 6ഉം വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ തടയുന്നത് സംബന്ധിച്ചും ടി ആവശ്യങ്ങൾക്കായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നതിനും വേണ്ടി മാത്രമായുള്ള വകുപ്പാണ്. എന്നാൽ ടി 25 (1) -ാം വകുപ്പ്, പ്രകാരമുള്ള അധികാരമുപയോഗിച്ചാണ് ടി ആക്റ്റിലെ 12& 13 വകുപ്പുകളിൽ പരാമർശിച്ചിരിക്കുന്ന അധികാരങ്ങൾ വിനിയോഗിക്കുവാൻ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിരിക്കുന്നത്. ആയത് നിയമപരമല്ലായെന്ന് വ്യക്തമാണ്. ഇപ്രകാരം ടി നോട്ടിഫിക്കേഷൻ പ്രകാരം എക്സൈസ് ഉദ്യോഗസ്ഥർക്ക് നൽകുവാൻ ഉദ്ദേശിച്ച അധികാരങ്ങൾ പൂർണ്ണമായി ലഭിക്കുന്നില്ല. ചുരുക്കത്തിൽ ടി നോട്ടിഫിക്കേഷൻ പ്രകാരം ടി ആക്റ്റിലെ 4ഉം 6ഉം വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ തടയുന്നതിന് മാത്രമെ അധികാരം നൽകുന്നുള്ളൂ.

ടി ആക്റ്റിലെ 4, 6, 12, 13 25 (1) & 28 എന്നീ വകുപ്പുകൾ പ്രകാരമുള്ള അധികാരങ്ങൾ വ്യക്തമായി നിർവ്വചിച്ച് നോട്ടിഫൈ ചെയ്താൽ മാത്രമെ ടി ആക്റ്റ് പ്രകാരം നിർവ്വചിച്ചിട്ടുള്ള കുറ്റകൃത്യങ്ങളിന്മേൽ എക്സൈസ് വകുപ്പിലെ എക്സൈസ് ഇൻസ്പെക്ടറെയോ അതിന് മുകളിൽ പദവിയിലുള്ള ഉദ്യോഗസ്ഥർക്ക് നടപടിയെടുക്കുവാൻ അധികാരം നൽകുകയുള്ളൂ.

ആയതിൻ പ്രകാരം ടി അധികാരങ്ങൾ എക്സൈസ് ഉദ്യോഗസ്ഥർക്ക് പൂർണ്ണമായും ലഭിക്കുന്നതിന് ടി വിജ്ഞാപനം റദ്ദ് ചെയ്ത് പുതുതായി വിജ്ഞാപനം ചെയ്യേണ്ടതുണ്ട്. ഇപ്രകാരമുള്ള കരട് വിജ്ഞാപനം ശുപാർശ ചെയ്തു മേൽ നടപടികൾക്കായി ഇതോടൊപ്പം സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

എക്സൈസ് കമ്മീഷണർക്കുവേണ്ടി

ആനെക്സർ-II


ജി. ©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2016 ഡിസംബർ 27<br>27th December 2016<br>1192 ധനു 12<br>12th Dhanu 1192<br>1938 പൌഷം 6<br>6th Pousha 1938 | നമ്പർ<br>No. 2263 |


GOVERNMENT OF KERALA

**Taxes (G) Department**

NOTIFICATION

G. O. (P) No. 112/2016/TD.

*Dated, Thiruvananthapuram, 27th December, 2016 / 12th Dhanu, 1192.*

**S. R. O. No. 788/2016.**—In exercise of the powers conferred by sub-section (1) of section 25 of the Cigarettes and Other Tobacco Products (Prohibition of Advertisement and Regulation of Trade and Commerce, Production, Supply and Distribution) Act, 2003 (Central Act 34 of 2003) and in supersession of the notification issued under G. O. (P) No. 155/2014/TD dated 20th September, 2014 and published as S. R. O. No. 560/2014 in the Kerala Gazette Extraordinary No. 2311

dated 20th September, 2014, the Government of Kerala hereby authorize officers of and above the rank of Excise Inspectors in the Excise Department as competent to act under sections 4, 6, 12, 13 and 28 of the said Act.

By order of the Governor,

P. MARA PANDIYAN,
*Additional Chief Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

As per the notification issued under G. O. (P) No.155/2014/TD dated 20th September, 2014 and published as S.R.O. No. 560/2014 in the Kerala Gazette Extraordinary No. 2311 dated 20th September, 2014 the Government have authorized officers of and above the rank of Excise Inspectors in the Excise Department as competent to act under sections 12 and 13 of the Cigarettes and Other Tobacco Products (Prohibition of Advertisement and Regulation of Trade and Commerce, Production, Supply and Distribution) Act, 2003 (Central Act 34 of 2003). Now the Government have, upon request of the Excise Commissioner decided to make them competent to act under sections 4, 6 and 28 of the Act in addition to the power under section 12 and 13 thereof.

The notification is intended to achieve the above object.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2016.

ഓവർസിയർ ജനറൽ